# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 517
(04.02.2020-ലെ മറുപടിക്ക്)

**പഴയങ്ങാടി സബ് ട്രഷറി കെട്ടിടം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റ്റി.വി.രാജേഷ് (ബഹു. എം.എൽ.എ)** | **ഡോ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| ഇൻകെൽ ലിമിറ്റഡ് നിർമ്മാണ നിർവ്വഹണ ഏജൻസിയായ, 243 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ പഴയങ്ങാടി സബ് ട്രഷറി കെട്ടിട നിർമ്മാണ പുരോഗതി അറിയിക്കാമോ? | പഴയങ്ങാടി സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പഴയങ്ങാടി ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മറ്റിയിൽ നിന്നും 11.75 സെന്റ് സ്ഥലം ലഭ്യമായിട്ടുള്ളതും, അവിടെ ട്രഷറിക്ക് എല്ലാവിധ സൗകര്യങ്ങളോട്ടും കൂടിയ കെട്ടിടം നിർമ്മിക്കുന്നതിന് 16.07.2017-ലെ സ.ഉ.(സാധാ) നം.5721/2017/ധന ഉത്തരവ് പ്രകാരം 2,43,18,330/- രൂപയുടെ ഭരണാനുമതിയും 28.12.2018-ലെ സ.ഉ.(സാധാ) നം.10644/2018/ധന ഉത്തരവ് പ്രകാരം 2,13,91,000/- രൂപയുടെ സാങ്കേതികാനുമതിയും ലഭ്യമായിട്ടുള്ളതുമാണ്. നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ താഴത്തെ നിലയുടെ റൂഫ് കോൺക്രീറ്റിംഗ് ചെയ്യുന്നതിനുള്ള അനുബന്ധ ജോലികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ